തീര സുരക്ഷാ സംവിധാനങ്ങളുടെ കാര്യക്ഷമത

25(*625) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. കെ. എം. ഷാജി :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തീര മേഖലയിൽ ഏർപ്പെടുത്തിയിട്ടുള്ള തീര സുരക്ഷാ സംവിധാനങ്ങളുടെ കാര്യക്ഷമത കാലാകാലങ്ങളിൽ പരിശോധിക്കാറുണ്ടോ ;

(ബി) എങ്കിൽ ഏറ്റവും ഒടുവിൽ പരിശോധന നടത്തിയതെന്നാണെന്നും, കണ്ടെത്തലുകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ;

(സി) തീരസുരക്ഷയുമായി ബന്ധപ്പെട്ട് മത്സ്യതൊഴിലാളികളുടെ സേവനവും, സഹകരണവും എത്രത്തോളം ഉപയോഗപ്പെടുത്തുന്നുണ്ടെന്നും, അവരുടെ സുരക്ഷയ്ക്ക് കോസ്റ്റൽ പോലീസ് എന്തൊക്കെ സഹായങ്ങൾ നൽകുന്നുണ്ടെന്നും വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) തീരസുരക്ഷാ സംവിധാനത്തിന്റെ കാര്യക്ഷമത കാലാകാലങ്ങളിൽ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഇതിന്റെ ഭാഗമായി 'തീരവേട്ട' എന്ന പേരിൽ വർഷത്തിൽ രണ്ടുതവണ നാവിക സേന, കോസ്റ്റ് ഗാർഡ്, തീരദേശ പോലീസ്, ഫിഷറീസ്, കസ്റ്റംസ് തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് സംയുക്ത മോക്ഡ്രിൽ നടത്താറുണ്ട്.

(ബി) 'തീരവേട്ട' എന്ന പരിശീലന പരിപാടി 2015 ഏപ്രിൽ മാസം 28-ാം തീയതി രാവിലെ 6 മണി മുതൽ 29-ാം തീയതി വൈകുന്നേരം 6 മണി വരെ കേരള തീരത്ത് നടത്തുകയുണ്ടായി. 'തീരവേട്ട' കേന്ദ്ര ഏജൻസികളുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നതായതിനാലും, കണ്ടെത്തലുകളുടെ പൂർണ്ണരൂപത്തിലുള്ള വിശദാംശങ്ങൾ, രാജ്യ സുരക്ഷ സംബന്ധിച്ചുള്ള അതീവരഹസ്യ സ്വഭാവമുള്ളതായതിനാലും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അനുമതിയോടുകൂടി മാത്രമേ വെളിപ്പെടുത്താൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) മത്സ്യത്തൊഴിലാളികളുടെ കൂട്ടായ പങ്കാളിത്തം 'തീരവേട്ട' എന്ന പരിശീലന പരിപാടിയിൽ ഉപയോഗപ്പെടുത്തിവരുന്നു. തീരദേശ പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികൾ മുഖേന മത്സ്യത്തൊഴിലാളികൾക്കിടയിൽ തീരസുരക്ഷ സംബന്ധിച്ച അവബോധവും ജാഗ്രതയും നൽകിവരുന്നു. നാവിക സേന, കോസ്റ്റ് ഗാർഡ്, മത്സ്യബന്ധന വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. വിവരങ്ങൾ തീരദേശ പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിലേക്കായി ടോൾഫ്രീ നമ്പർ 1093 ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. കൂടാതെ ജാഗ്രതാ സമിതി അംഗങ്ങൾക്ക് സിം കാർഡുകളും മൊബൈൽ ടോപ്അപ്പുകളും സൗജന്യമായി നൽകിവരുന്നു.

ഹൈക്കോടതി ബഞ്ചിനുള്ള അപേക്ഷ

26(*626) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) ഹൈക്കോടതി ബെഞ്ചിനുള്ള അപേക്ഷ ലഭിച്ചാൽ അനുഭാവത്തോടെ പരിഗണിക്കുമെന്ന കേന്ദ്ര നിയമ മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത അപേക്ഷ ചീഫ് ജസ്റ്റിസിന്റെ അനുമതിയോടെ അടിയന്തരമായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ.ഉമ്മൻ ചാണ്ടി) :

(എ) 16-8-2006-ൽ സംസ്ഥാന മന്ത്രിസഭായോഗം തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കാൻ നടപടി എടുക്കുവാൻ തീരുമാനിച്ചു. അതനുസരിച്ച് ബഞ്ച് സ്ഥാപിക്കുവാൻ അനുവാദത്തിനായി സർക്കാർ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിനോട് അഭ്യർത്ഥിച്ചു. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിലും കൊണ്ടുവന്നു. കേന്ദ്ര സർക്കാരും ഹൈക്കോടതിയും ഇക്കാര്യത്തിൽ ഒരു നടപടിയും കൈക്കൊള്ളാതിരുന്ന സാഹചര്യത്തിൽ കേരള മുഖ്യമന്ത്രി 2007 ജനുവരിയിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയേയും കേന്ദ്ര നിയമ മന്ത്രിയേയും കണ്ട് ഇക്കാര്യത്തിൽ അടിയന്തര നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചു. തുടർന്ന് 14-12-2007-ൽ ബഹുമാനപ്പെട്ട കേരള ചീഫ് ജസ്റ്റിസ് കാരണമൊന്നും നൽകാതെ അഭ്യർത്ഥനയെ നിരാകരിച്ചു. 27-12-2007-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly